# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1134** — **02.03.2017-ൽ മറുപടിക്ക്**

**<u>പെരുമ്പളം പാലം നിർമ്മാണം-</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എം.ആരിഫ്** | **ശ്രീ.ജി.സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) ബഡ്ജറ്റ് പ്രസംഗത്തിൽ, പെരുമ്പളം പാലത്തിന് എത്ര രൂപയാണ് കിഫ്ബി മുഖേന പ്രഖ്യാപിച്ചത് ; | (എ) 100 കോടി രൂപ ബഡ്ജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) പെരുമ്പളം പാലത്തിന്റെ ഫീസിബിലിററി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; | (ബി) സാധ്യതപഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട് സാധ്യത ഉണ്ടെന്നാണ് റിപ്പോർട്ട്. |
| (സി) പെരുമ്പളം പാലത്തിന്റെ നിർമ്മാണ നടപടികൾ വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് അംഗം ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചയെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(ഡി) പെരുമ്പളം പാലം നിർമ്മാണം കിഫ്ബി യ്ക്ക് നൽകുന്നതിന് ഉത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;<br><br>(ഇ) പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ് ; ഈ പാലത്തിന്റെ ടൂറിസം പ്രാധാന്യം കൂടി കണക്കിലെടുത്ത്, മുംബൈയിൽ 4 കിലോമീറ്റർ നീളത്തിൽ നിർമ്മിച്ചതുപോലെ റോപ്പുകളുടെ കൂടി സപ്പോർട്ടോടു കൂടിയുള്ള നിർമ്മാണ ഡിസൈൻ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകുമോ? | (സി) (ഡി) & (ഇ) പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി വേണ്ട തുക കെ.ആർ.എഫ്.ബി-യുടെ ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം DPR തയ്യാറാക്കി കിഫ്ബയിൽ ഉൾപ്പെടുത്തുന്നതായിരിക്കും. മുംബൈ യിൽ 4 കിലോമീറ്റർ നീളത്തിൽ നിർമ്മിച്ചതു പോലെ റോപ്പുകളുടെ കൂടി സപ്പോർട്ടോടു കൂടിയുള്ള നിർമ്മാണ ഡിസൈൻ സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം ഡിസൈൻ വിഭാഗം പരിശോധിക്കുന്നതാണ്. എല്ലാ KIIFB പദ്ധതികളും അങ്ങിനെയാണ്. പാലങ്ങൾ താരതമ്യേന കൂടുതൽ സമയം എടുക്കുന്നുണ്ട്. മറ്റു തടസ്സങ്ങൾ ഒന്നുമില്ല. തടസ്സങ്ങൾ ഉണ്ടെന്ന മട്ടിൽ വന്ന റിപ്പോർട്ടുകൾ ശരിയല്ല. |

സെക്ഷൻ ഓഫീസർ